Draft #1 of File 48048/CE 'SECTION SO/2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 07-Dec-2019 01:21 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിവരാവകാശ നിയമപ്രകാരം ഉത്തരക്കടലാസുകളുടെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകൾ - ഉത്തരക്കടലാസിന്റെ പകർപ്പ് ,മറ്റ് വിവരങ്ങൾക്കൊപ്പം അപേക്ഷകന് നൽകേണ്ട ചുമതല ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷന്റെ ഡെപ്യൂട്ടി രജിസ്ട്രാർ-ന് നൽകുന്നത് സംബന്ധിച്ച് - പരീക്ഷാ കൺട്രോളർ അംഗീകരിച്ചു-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 6267/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2019

---

പരാമർശം:-1. 28.11. 2019 / 29.11.2019 തീയതികളിലെ ഇ.എൻ IV സെക്ഷൻ/DR VIII എന്നിവരിൽ നിന്നുള്ള കുറിപ്പ്.

2. 05.12. 2019 തീയതിയിലെ CE സെക്ഷനിൽ നിന്നുള്ള കുറിപ്പ്.

3. 05.12. 2019 തീയതിയിലെ പരീക്ഷാ കൺട്രോളർ (i/c)-ന്റെ ഉത്തരവ്.

**ഉത്തരവ്**

വിവരാവകാശ നിയമ പ്രകാരം ഉത്തരക്കടലാസുകളുടെ പകർപ്പ്, പേജുകളുടെ എണ്ണം, മറ്റു വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നിരവധി RTI അപേക്ഷകൾ വിവിധ ടാബുലേഷൻ സെക്ഷനുകളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും, ഡെപ്യൂട്ടി രജിസ്ട്രാർ VIII / EN സെക്ഷൻ എന്നിവർക്ക് വിദ്യാർഥികളുമായി നേരിട്ട് ബന്ധമില്ലാത്തതിനാൽ ഉത്തരക്കടലാസുകളുടെ പകർപ്പ് ആവശ്യപ്പെടുന്ന വിദ്യാർഥികൾക്ക് ആയത് നൽകുന്നതിലേക്ക്, ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ, അപേക്ഷകന്റെ identity ഉറപ്പ് വരുത്തിയശേഷം ഉത്തരക്കടലാസുകൾ ആവശ്യപ്പെട്ട് indent നൽകുന്ന രീതി അവലംബിക്കുന്നതാണ് അഭികാമ്യം എന്നും പരാമർശം (1) പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച്, വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥിയെ തിരിച്ചറിഞ്ഞതിന് ശേഷം, ആവശ്യപ്പെടുന്ന ഉത്തരക്കടലാസിന്റെ പകർപ്പ് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി രജിസ്ട്രാർ, അതിനായുള്ള indent നൽകി ഡെപ്യൂട്ടി രജിസ്ട്രാർ VIII -നോട് ആവശ്യപ്പെടേണ്ടതാണെന്നും, ഇത്തരത്തിൽ ഉത്തരക്കടലാസിന്റെ പകർപ്പ് ലഭിക്കുമ്പോൾ അത് മറ്റ് വിവരങ്ങൾക്കൊപ്പം അപേക്ഷകന് നൽകേണ്ട ചുമതല ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷന്റെ ഡെപ്യൂട്ടി രജിസ്ട്രാർ-ന് നൽകണമെന്നും പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു. ടി ശിപാർശ പരാമർശം (3) പ്രകാരം ബഹു. പരീക്ഷാ കൺട്രോളർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പരീക്ഷ കൺട്രോളർക്ക വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ

3.എല്ലാ ജെ.ആർ/ ഡി.ആർ/ എ.ആർ (പരീക്ഷ)

4.സി.ഇ സെക്ഷൻ /ടാബുലേഷൻ സെക്ഷനുകൾ/ ഇ.എൻ IV സെക്ഷൻ

5.ഐക്യൂ.എ.സി / കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

6.സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 48048/CE 'SECTION SO/2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 07-Dec-2019 01:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം